LIBRARY ARCHIVES Kerala Legislative Assembly

ആദിവാസിക്ഷേമത്തിനായി കേന്ദ്രസഹായം

230(2434) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ക്ഷേമത്തിനായി ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും കേന്ദ്രസഹായമായി നൽകിയ തുക എത്രയെന്നും പദ്ധതി ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ധനസഹായം അതേ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താൻ സാധിക്കാതെ തിരിച്ചടയ്ക്കേണ്ട സ്ഥിതിയുണ്ടായിട്ടുണ്ടോ; എങ്കിൽ പദ്ധതി, വർഷം തിരിച്ചടച്ച തുക എന്നിവയുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) ആദിവാസി സമൂഹത്തിന് എന്തൊക്കെ നഷ്ടമാണ് ഇതുമൂലം സംഭവിച്ചതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ആദിവാസി ക്ഷേമത്തിനായി ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും കേന്ദ്രസഹായമായി നൽകിയ തുകയുടെയും പദ്ധതിയുടെയും വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി&സി) കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ ലഭ്യമാകുന്ന തുക കേന്ദ്രസർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള പദ്ധതികൾ നടപ്പിലാക്കാൻ മാത്രമേ സർക്കാർ ഭരണാനുമതി നൽകുകയുള്ളൂ. കേന്ദ്രാവിഷ്കൃത/കേന്ദ്രസഹായ പദ്ധതികളിൽ ലഭിക്കുന്ന തുക അതത് വർഷം ലാപ്സാകുകയില്ല. ശേഷിക്കുന്ന തുക വരും വർഷങ്ങളിൽ ഉചിതമായ പദ്ധതികൾ നടപ്പാക്കുന്നതിനായി ചെലവഴിച്ചു വരുന്നു.

ആദിവാസി സമരഘട്ടങ്ങളിലെ വാഗ്ദാനങ്ങൾ

231(2435) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ആദിവാസികളുടെ ആവശ്യങ്ങൾക്കായി സമരഘട്ടങ്ങളിൽ നൽകിയ വാഗ്ദാനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയിൽ ഏതൊക്കെ വാഗ്ദാനങ്ങൾ നടപ്പിലാക്കാതിരുന്നിട്ടുണ്ട് എന്ന് വിശദമാക്കാമോ ;

(സി) നൽകിയ വാഗ്ദാനങ്ങൾ നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.